(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ജനപ്രതിനിധികൾക്കെതിരെ സ്ഥലം സി.ഐ പത്രപ്രസ്താവന നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

ആകാശവാണി ഉദ്യോഗസ്ഥനായിരുന്ന മാവേലിക്കര രാമചന്ദ്രന്റെ തിരോധാനം

144 (7707) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആകാശവാണി ഉദ്യോഗസ്ഥനായിരുന്ന പ്രശസ്ത സാംസ്കാരിക പ്രവർത്തകൻ മാവേലിക്കര രാമചന്ദ്രന്റെ തിരോധാനം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) അന്വേഷണ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മാവേലിക്കര രാമചന്ദ്രന്റെ തിരോധാനത്തിന്റെ കാരണങ്ങൾ അന്വേഷിക്കുമോ ;

(ഇ) തിരോധാനത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ അന്വേഷണം നടത്താൻ ഉത്തരവിടുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 291/13 u/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ശ്രീ. മാവേലിക്കര രാമചന്ദ്രൻ സ്ഥിരമായി യാത്ര ചെയ്തിരുന്ന കാറിൽ 29-9-2012 തീയതി തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ പോയതായും അവിടെനിന്നും ട്രെയിനിൽ കയറി മുംബൈക്ക് പോയതായും ടിയാന്റെ പരിചയക്കാരനായ മഹാരാഷ്ട്ര ഗവർണറെ കാണുവാനാണ് പോയിട്ടുള്ളതെന്ന് അറിയുവാൻ കഴിഞ്ഞതിനാൽ കേരള രാജ്ഭവനുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ ടിയാൻ മഹാരാഷ്ട്ര ഗവർണറെ കണ്ടതായും വിവരം ലഭിച്ചിട്ടുണ്ട്. അതിനുശേഷം ടിയാന്റെ യാത്രാ വിവരം സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമായിട്ടില്ല. നാളിതുവരെയുള്ള അന്വേഷണത്തിൽ ടിയാനെ കണ്ടെത്തുവാൻ കഴിയാത്തതിനാൽ ടി കേസ് തെളിക്കേണ്ട പട്ടികയിൽ ഉൾപ്പെടുത്തി ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി & ഇ) ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തിയിട്ടുള്ളതും ടിയാനെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly